# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 686** | **04-02-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ശുചിത്വത്തിന്റെ കുറവുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തേണ്ടതുണ്ട് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ട് വരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയിലറ്റ് സംവിധാനം, കഫറ്റേറിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി "ഗ്രീൻ കാർപ്പെറ്റ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ |

| | | | |
|---|---|---|---|
| | | | ക്യാമ്പയിൻ" പദ്ധതി മുഖേനയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന "ബാരിയർ ഫ്രീ" ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ഗ്രീൻ കാർപ്പെറ്റ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; നിലവിൽ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആരുടെയൊക്കെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | വിവിധ ടൂറിസം പദ്ധതികൾ അവലോകനം ചെയ്യുന്ന ഘട്ടങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയും അവലോകനം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും, ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പെറ്റിന്റെ ലക്ഷ്യങ്ങൾ കൈ വരിക്കുന്നതിലേക്ക് വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും, പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**